**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്ലാൻ ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാഭ്യാസവകുപ്പിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം നൽകാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്നും, നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദശവിവരം ലഭ്യമാക്കാമോ; | (ബി) | **നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ടി.ഡി.എൽ.സി.എസ്. (തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ) മുഖേന നടപ്പിലാക്കിവരുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് മാറ്റി നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അധ്യയനം സുഗമമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ആലപ്പുഴ മണ്ഡലത്തിലെ ശ്രീചിത്തിര മഹാരാജവിലാസം യു.പി.സ്കൂൾ, പൂങ്കാവ്, ഗവ.എൽ.പി.സ്കൂൾ, കലവൂർ, ഗവ.വി.വി.എസ്.ഡി.എൽ.പി സ്കൂൾ, സൗത്ത് ആര്യാട് എന്നീ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ നിന്നുമാണ് നിർവഹണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ ഒഴിവാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി സ്കൂളുകളുടെ പൂർത്തീകരണത്തിനായി ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം US Q 1360**

| ക്രമ നം. | സ്കൂളിന്റെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ഗവ. ഹൈസ്കൂൾ പൊള്ളേത്തൈ | 100 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2. | ഗവ. യു.പി.സ്കൂൾ, ആര്യാട് നോർത്ത് | 50 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3. | ഗവ. എച്ച്.എസ്, മണ്ണഞ്ചേരി | 100 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4. | ഗവ. എച്ച്.എസ്.എസ്, കലവൂർ | 330 | നിർമ്മാണം പൂർത്തിയായി. |
| 5. | ഗവ. എച്ച്.എസ്.എസ്, എസ്.എൽ.പുരം | 150 | നിർമ്മാണം ആരംഭിച്ചിട്ടില്ല |